**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 151 10.03.2020 ൽ മറുപടിയ്ക്ക്

**റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോജി എം. ജോൺ<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരും വാതിൽപടി കരാർ എടുക്കുന്നവരും ചേർന്ന് റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | തിരുവനന്തപുരം ജില്ലയിലെ മേനംകുളം, കോട്ടയം ജില്ലയിലെ ഒറവയ്ക്കൽ എന്നീ NFSA ഗോഡൗണുകളിലെ ഓഫീസർ ഇൻ ചാർജ്ജും കടത്തു കരാറുകാരനും ചേർന്ന് റേഷൻ ഭക്ഷ്യധാന്യങ്ങളിൽ തിരിമറി നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഭക്ഷ്യഭദ്രതാ ഗോഡൗണുകളിൽ വൻതോതിൽ സ്റ്റോക്ക് കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടോയെന്നും ഏതൊക്കെ ജില്ലകളിലെ ഗോഡൗണുകളിലാണ് സ്റ്റോക്ക് കുറവ് കണ്ടെത്തിയതെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | NFSA ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയത് സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | സ്റ്റോക്ക് കുറവായതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ തസ്തികയിലുള്ള 08 ജീവനക്കാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ തസ്തികയിലുള്ള 03 ജീവനക്കാർ, റേഷനിംഗ് ഇൻസ്പെക്ടർ തസ്തികയിലുള്ള 16 ജീവനക്കാർ എന്നിങ്ങനെ 27 ജീവനക്കാർക്കെതിരെയും സീനിയർ അസിസ്റ്റന്റ് I തസ്തികയിലുള്ള 02 ജീവനക്കാർ, സീനിയർ അസിസ്റ്റന്റ് II തസ്തികയിലുള്ള 02 ജീവനക്കാർ, ജൂനിയർ അസിസ്റ്റന്റ് തസ്തികയിലുള്ള 06 ജീവനക്കാർ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിലെ 03 ജീവനക്കാർ എന്നിങ്ങനെ സപ്ലൈകോയിലെ 11 ജീവനക്കാർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ല | ഗോഡൗൺ | കുറവ് കണ്ട ഇനം. (ക്വിൻറലിൽ) | |
|---|---|---|---|---|
| | | | അരി | ഗോതമ്പ് |
| | തിരുവനന്തപുരം | മേനംകുളം NFSA ഗോഡൗൺ | 196.76 | 118.07 |
| | | നെടുമങ്ങാട് NFSA ഗോഡൗൺ | 367.168 | 42.99 |
| | കൊല്ലം | കൊട്ടാരക്കര NFSA ഗോഡൗൺ | 726.013 | 302.711 |
| | | കടയ്ക്കൽ NFSA ഗോഡൗൺ | 272.016 | 96.883 |
| | | ഡീസൻറ്മുക്ക് NFSA ഗോഡൗൺ | 1514.582 | 200.743 |
| | | പത്തനാപുരം NFSA ഗോഡൗൺ | 272.91 | 75.629 |
| | കോട്ടയം | കോട്ടയം NFSA ഗോഡൗൺ | 850.05 | 301.03 |
| | ആലപ്പുഴ | ചേർത്തല NFSA ഗോഡൗൺ | 434.2869 | - |
| | | * അമ്പലപ്പുഴ NFSA ഗോഡൗൺ | *1616 | - |
| | | ചെങ്ങന്നൂർ, ചെറിയനാട് NFSA ഗോഡൗൺ | 133.28 | - |
| | | ചെന്നിത്തല NFSA ഗോഡൗൺ | 213.28 | |
| | എറണാകുളം | കണയന്നൂർ NFSA ഗോഡൗൺ | 977.35 | 501.37 |
| | കോഴിക്കോട് | വാവാട് NFSA ഗോഡൗൺ | 713.152 | 72.074 |

(* അമ്പലപ്പുഴ NFSA സ്റ്റോക്ക് കസ്റ്റോഡിയന്റെ ചാർജ്ജ് കൈമാറ്റ സമയത്ത് കണ്ട മേൽ സൂചിപ്പിച്ച കുറവ് സംശയാസ്പദമായതിനാൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് കൃത്യമായ സ്റ്റോക്കെടുപ്പ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്).

സെക്ഷൻ ഓഫീസർ